# പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 207

**26.02.2018-ൽ മറുപടിയ്ക്ക്**

ആർദ്രം മിഷൻ

| ചോദ്യം<br>ശ്രീ. പി.കെ.ബഷീർ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആയുഷ് വകുപ്പിന് കീഴിൽ ഏതെല്ലാം ചികിത്സാ സമ്പ്രദായങ്ങൾ ആണ് ഉൾപ്പെട്ടിട്ടുള്ളത്; ഇവയിൽ ഓരോന്നിന്റെയും പ്രോത്സാഹനത്തിനും ഉന്നമനത്തിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്. | (എ) | ആയുഷ് വകുപ്പിന് കീഴിൽ ആയുർവേദം, സിദ്ധ വൈദ്യം, യുനാനി, യോഗ & നാച്വുറോപതി, ഹോമിയോപ്പതി എന്നീ ചികിത്സാ സമ്പ്രദായങ്ങളാണ് നിലവിലുള്ളത്. ഇവയിൽ ഓരോന്നിന്റെയും പ്രോത്സാഹനത്തിനും ഉന്നമനത്തിനുമായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | സിദ്ധ വൈദ്യ ചികിത്സയുടെ പ്രോത്സാഹനത്തിനായി സിദ്ധ ഡിസ്പൻസറികൾ /ആശുപത്രികൾ നിലവിൽ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; പ്രസ്തുത സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന സിദ്ധ ഡോക്ടർമാർ എത്രയെന്നു വിശദമാക്കാമോ; | (ബി) | ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ ആറു ജില്ലകളിലായി നിലവിൽ ഒരു സർക്കാർ സിദ്ധ ആശുപത്രിയും 8 സർക്കാർ സിദ്ധ ഡിസ്പെൻസറികളും പ്രവർത്തിച്ച് വരുന്നു. ആയത് അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ആറു ജില്ലകളിലുള്ള സർക്കാർ സിദ്ധ സ്ഥാപങ്ങളിലായി 11 സിദ്ധ മെഡിക്കൽ ഓഫീസർമാർ സേവനം അനുഷ്ഠിച്ച് വരുന്നു. സിദ്ധ സ്ഥാപനങ്ങൾ നിലവിലില്ലാത്ത എട്ട് ജില്ലകളിലും (പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ , കോഴിക്കോട്, വയനാട്, കാസർഗോഡ്, കണ്ണൂർ) 2016-17 സാമ്പത്തിക വർഷം മുതൽ തെരഞ്ഞെടുത്ത ആയുർവേദ ആശുപത്രികളിൽ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി താത്കാലിക സിദ്ധ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. 2017-18 സാമ്പത്തിക വർഷത്തിലും ടി പദ്ധതി നടപ്പിലാക്കി വരുന്നു. ടി യൂണിറ്റുകളിൽ 8 താത്കാലിക സിദ്ധ മെഡിക്കൽ ഓഫീസർമാർ സേവനം അനുഷ്ഠിച്ച് വരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ സിദ്ധ ഡിസ്പൻസറികൾ /ആശുപത്രികൾ | (സി) | സിദ്ധ വിഭാഗത്തിൽ പുതിയ ഡിസ്പെൻസറികളും ആശുപത്രികളും അനുവദിച്ചിട്ടില്ല. എന്നാൽ 8 ജില്ലകളിൽ പുതിയ സിദ്ധ യൂണിറ്റുകൾ (താത്കാലികം) ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എവിടെയെല്ലാമാണ്; | | |
| (ഡി) | പുതുതായി എത്ര സിദ്ധ ഡിസ്പൻസറികൾ /ആശുപത്രികൾ സ്ഥാപിക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; ആയതിലേക്ക് 2018-19 വർഷത്തെ ബഡ്ജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; | (ഡി) | എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമ പഞ്ചായത്തിലും കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമ പഞ്ചായത്തിലും പുതുതായി സർക്കാർ സിദ്ധ വൈദ്യ ഡിസ്പെൻസറി ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തലും ആധുനീക വത്കരണവും' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 2018-19 സാമ്പത്തീക വർഷം 2300 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിട്ടുണ്ട്. |
| (ഇ) | പുതിയ സിദ്ധ ഡിസ്പൻസറികൾ /ആശുപത്രികൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ആർദ്രം മിഷനിൽ ഉൾപ്പെടുത്തി പുതുതായി എത്ര തസ്തികകൾ സൃഷ്ടിക്കുന്നതിനു തീരുമാനമെടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ; | (ഇ) & (എഫ്) | ആർദ്രം പദ്ധതി മുഖേന ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഘട്ടംഘട്ടമായി എല്ലാ ജില്ലാ ആയുർവേദ ആശുപത്രികളിലും സ്ഥിരം സിദ്ധ വിഭാഗങ്ങൾ അനുവദിക്കുന്നതിനും തസ്തിക സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. |
| (എഫ്) | ഇല്ലെങ്കിൽ പുതിയ സിദ്ധ ഡിസ്പൻസറികൾ /ആശുപത്രികൾ സ്ഥാപിക്കുന്നതിനോടൊപ്പം അവക്കാവശ്യമായ തസ്തിക ആർദ്രം മിഷനിൽ ഉൾപ്പെടുത്തി സൃഷ്ടിക്കുന്നതിനു നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

## ആയുഷ് വകുപ്പ്

## ആയുർവേദം

ആയുഷ് വകുപ്പിൽ ഈ സർക്കാർ അധികാരമേറ്റശേഷം 105 പുതിയ തസ്തികകൾ സൃഷ്ടിച്ചു. ആയുർവേദത്തിന്റെ വികസനത്തിനും ഗവേഷണത്തിനും ഒരു അന്താരാഷ്ട്ര ആയുർവേദ ഗവേഷണസ്ഥാപനം ഇടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു ബഡ്ജറ്റിൽ തുക അനുവദിച്ചു.

- കായിക താരങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും ചികിത്സക്കുമായി സ്പോർട് സ് ആയുർവേദ പദ്ധതി സംസ്ഥാന തലത്തിൽ നടന്നുവരുന്നു. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ , ഇടുക്കി, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ വളരെ ഭംഗിയായി ടി യൂണിറ്റ് പ്രവർത്തിച്ച് വരുന്നു. സ്പോർട് സ് ആയുർവേദയുടെ യഥാർത്ഥ പ്രയോജനം കായിക താരങ്ങൾക്ക് ലഭ്യമാക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽ ഒരു സ്പോർട് സ് ആയുർവേദ ആശുപത്രി നിർമ്മാണത്തിന്റെ അവസാനഘട്ടത്തിലാണ്.
- സ്കൂൾ കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായി ബാലമുകുളം(സ്കൂൾ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾക്കുള്ള ചികിത്സ), ഋതു(കൗമാരക്കാരായ പെൺകുട്ടികൾക്കുണ്ടാകുന്ന അസുഖങ്ങൾക്കുള്ള ചികിത്സ), പ്രസാദം(വിളർച്ച രോഗത്തിനായുള്ള ചികിത്സ), കൗമാര സ്ഥൌല്യം(അമിതവണ്ണം കുറക്കുന്നതിനുള്ള ചികിത്സ) എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.
- സ്കൂൾ കുട്ടികളുടെ നേത്ര ചികിത്സയ്ക്കായി ദൃഷ്ടി പദ്ധതി നടപ്പിലാക്കി വരുന്നു.
- പ്രമേഹ രോഗ ചികിത്സക്കായി ജീവനി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.
- അട്ടപ്പാടി മേഖലയിലെ ജനവിഭാഗത്തിന്റെ സമഗ്ര ആരോഗ്യ സംരക്ഷണത്തിനായി ക്ഷേമ ജനനി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.
- സാമൂഹ്യനീതി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ വൃദ്ധ സദനങ്ങളിൽ വയോഅമൃതം പദ്ധതി നടപ്പിലാക്കി വരുന്നു.
- സ്ത്രീകൾക്കുണ്ടാകുന്ന പ്രത്യേക രോഗ ചികിത്സക്കായും ഗർഭിണികളായ സ്ത്രീകളുടെ ഗർഭ കാലത്തെ സംരക്ഷണത്തിനും പ്രസവാനന്തര ചികിത്സക്കായും പ്രസൂതിതന്ത്ര പ്രോജക്റ്റ് 14 ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു.
- 14 ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ശിശുക്കളുടെ പരിചരണത്തിനും സംരക്ഷണത്തിനും വേണ്ടി കൗമാരഭൃത്യം പദ്ധതി നടപ്പിലാക്കി വരുന്നു.
- ആയുർവേദ സാന്ത്വന പദ്ധതിയായ സ്നേഹധാര പദ്ധതി സംസ്ഥാന തലത്തിൽ നടപ്പിലാക്കി വരുന്നു.
- 14 ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രിയോടനുബന്ധിച്ച് ജീവിതശൈലി വ്യതിയാനം മൂലമുണ്ടാകുന്ന രോഗങ്ങൾ നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ ആയുഷ്യം പദ്ധതി നടപ്പിലാക്കി വരുന്നു.
- കരൾരോഗ ചികിത്സക്കായി കരൾരോഗമുക്തി എന്ന പദ്ധതി സംസ്ഥാന തലത്തിൽ നടപ്പിലാക്കി വരുന്നു.
- പക്ഷാഘാതം മൂലമുണ്ടാകുന്ന അസുഖങ്ങൾ നേരിടുന്ന രോഗികളുടെ പുനരുജ്ജീവനം

ആയുർവേദ ചികിത്സയിലൂടെ നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ പുനർന്നവ പദ്ധതി നടപ്പിലാക്കി വരുന്നു.

- സമൂഹത്തിൽ നേരിടുന്ന മാനസികപരമായ ആരോഗ്യ പ്രശ്നങ്ങൾ ആയുർവേദ ചികിത്സയിലൂടെ ഭേദമാക്കുക എന്ന ലക്ഷ്യത്തോടെ 14 ജില്ലകളിലും മാനസികം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

- നിരാലംബരും അശരണരുമായ വൃദ്ധ ജനങ്ങളുടെ പരിപാലനത്തിനും ആയുർവേദ ചികിത്സയിലൂടെ ആരോഗ്യമുള്ള ജീവിതത്തിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ ജെറിയാട്രിക്ക് കെയർ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

- വയനാട് ജില്ലയിൽ ആദിവാസി മേഖലയിൽ കണ്ടുവരുന്ന സിക്കിൾസെൽഅനീമിയ എന്ന രോഗം പരിഹരിക്കുന്നതിനായി സിക്കിൾസെൽഅനീമിയ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

- ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ആയുർവേദ ആശുപത്രികളിൽ രോഗികൾക്കുണ്ടാകുന്ന ഗുദാർശസ്, ഫിസ്റ്റുല മുതലായ അസുഖങ്ങളെ ചികിത്സിച്ച് ഭേദമാക്കുന്നതിന് ക്ഷാരസൂത്ര എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

- കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ബാധിത കുടുംബങ്ങളിൽ ആരോഗ്യമുള്ള കുട്ടികളുണ്ടാകുന്നതിനായി മാതാപിതാക്കൾക്കുള്ള ആരോഗ്യ പരിചരണം നടത്തുന്നതിനിനായി "നിർവിഷ" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

- 2017-18 വർഷത്തേക്ക് പുതിയ പദ്ധതികളായ ത്വക്കിനും തലമുടിക്കും പ്രാധാന്യം നൽകുന്ന വർണ്ണ്യം എന്ന പദ്ധതിയും മൂത്രാശയ രോഗങ്ങളുടെ ചികിത്സക്കായുള്ള ബസ്തി 2018 എന്ന പദ്ധതിയും ഭക്ഷ്യ വസ്തുക്കൾ മൂലമുണ്ടാകുന്ന അലർജി സംബന്ധമായ ചികിത്സക്കായുള്ള അമൃതകിരണം എന്ന പദ്ധതിയും നടപ്പിൽ വരുത്തുന്നുണ്ട്.

- പുതിയ 4 ആയുർവേദ ഡിസ്പെൻസറികൾ ആരംഭിച്ചു. ഇതോടുകൂടി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ചികിത്സാസ്ഥാപനങ്ങളുള്ള സംസ്ഥാനമായി കേരളം മാറി.

## സിദ്ധ വൈദ്യം

നിലവിലുള്ള സിദ്ധ ഡിസ്പെൻസറികളിൽ "കന്യാജോതി" എന്ന പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ 2018-19 ലെ ബഡ്ജറ്റിൽ അംഗീകരിച്ചിട്ടുണ്ട്. സിദ്ധ സ്ഥാപനങ്ങൾ നിലവിലില്ലാത്ത എട്ട് ജില്ലകളിൽ 2016-17 സാമ്പത്തീക വർഷം മുതൽ (പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ , കോഴിക്കോട്, വയനാട്, കാസർഗോഡ്, കണ്ണൂർ ) പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി താത് കാലിക സിദ്ധ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ടി യൂണിറ്റിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരുടെ വേതനത്തിനും യൂണിറ്റിലേക്കാവശ്യമായ മരുന്നുകൾക്കും 2017-18 സാമ്പത്തീക വർഷത്തിൽ 69,80,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തീക വർഷത്തിൽ 75,00,000/- രൂപ ബഡ്ജറ്റിൽ വകയിരുത്തിട്ടുണ്ട്. .

## യുനാനി

മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമ പഞ്ചായത്തിലും മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമ പഞ്ചായത്തിലും പുതുതായി സർക്കാർ യുനാനി ഡിസ്പെൻസറി ആരംഭിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. കണ്ണൂർ ജില്ലയിൽ കേന്ദ്ര സഹായത്തോടു കൂടി ഒരു യൂനാനി റിസർച്ച് സെന്ററും ആശുപത്രിയും ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

## യോഗ & നാച്ചുറോപതി

14 ജില്ലകളിലെയും ജില്ലാ ആയുർവേദ ആശുപത്രികളിൽ യോഗ & നാച്ചുറോപതി ചികിത്സാ വിഭാഗങ്ങൾ പ്രവർത്തിച്ച് വരുന്നു. 14 ജില്ലകളിലെ ജില്ലാ ആയുർവേദ ആശുപത്രികളിൽ സ്ഥിരം യോഗ & നാച്ചുറോപതി വിഭാഗം ആരംഭിക്കുന്നതിനും യോഗ & നാച്ചുറോപതി മെഡിക്കൽ ഓഫീസറുടെ തസ്തിക സൃഷ്ടിക്കുന്നതും സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. കാസർഗോഡ് കേന്ദ്ര സഹായത്തോടു കൂടി ഒരു യോഗ & നാച്ചുറോപ്പതി സെന്റർ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചു.

## ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം

- ആയുർവേദ കോളേജുകളിൽ പി.ജി, യു.ജി. സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചു.
- പുതിയ യോഗ & നാച്ചുറോപ്പതി കോഴ്സ് ആയുർവേദ കോളേജുകളിൽ ആരംഭിച്ചു.
- കണ്ണൂർ ആയുർവേദ കോളേജിൽ പുതിയ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മാണം പൂർത്തിയായി വരുന്നു.

## ഹോമിയോപ്പതി

സംസ്ഥാനത്ത് ഹോമിയോപ്പതി വകുപ്പിന് കീഴിൽ 659 സർക്കാർ ഹോമിയോ ഡിസ്പൻസികളും 34 ഹോമിയോ ആശുപത്രികളും 410 എൻ.എച്ച്.എം ഡിസ്പെൻസറികളും 29 എസ്.സി.പി ഡിസ്പെൻസറികളും പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനങ്ങളിലൂടെ ജനങ്ങൾക്ക് മികച്ച സേവനം നൽകിവരുന്നു. കൂടാതെ ആശുപത്രികൾ വഴി താഴെ പറയുന്ന സ്പെഷ്യൽ പ്രോജക്ടുകളിലൂടെയും ചികിത്സ നൽകി വരുന്നു.

| | | |
|---|---|---|
| സീതാലയം | – | സ്ത്രീ സാന്ത്വന ചികിത്സ |
| സദ് ഗമയ | – | കുട്ടികളുടെ പഠന വൈകല്യം, സ്വഭാവ വൈകല്യം |
| ജനനി | – | വന്ധ്യതാ നിവാരണ ചികിത്സ |
| ഡി.അഡിക്ഷൻ | – | ലഹരി വിമോചന ചികിത്സ |
| ആയുഷ്മാൻ ഭവ | – | ജീവിതശൈലി രോഗങ്ങൾ |
| പെയ്ൻ ആന്റ് പാലിയേറ്റീവ് | – | സാന്ത്വന ചികിത്സ |

- തിരുവനന്തപുരം ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടന്നു വരുന്ന കാൻസർ കെയർ യൂണിറ്റ് കാൻസർ രോഗികൾക്ക് വളരെ ഫലപ്രദമായതും ചെലവു കുറഞ്ഞതുമാണ്. ഇത് 2012 മുതൽ നടന്നു വരുന്നു.
- ഹോമിയോപ്പതിയുടെ ശാസ്ത്രീയ അടിത്തറ തെളിയിക്കുന്നതിനും ഈ മേഖലയിലെ അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ഗവേഷണ തൽപ്പരത വർദ്ധിപ്പിക്കുന്നതിനുമായി ഡിപ്പാർട്ട്മെന്റ് റിസർച്ച് വിംഗ് തിരുവനന്തപുരം ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ പ്രവർത്തിച്ചു വരുന്നു.
- കോഴിക്കോട് ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ പ്രവർത്തിച്ചുവരുന്ന ഇൻഫെർട്ടിലിറ്റി മാനേജ് മെന്റ് ക്ലിനിക്ക് വളരെ ഫലപ്രദമായി നടന്നു വരുന്നു. ഇതിന്റെ

പ്രവർത്തനം സാമൂഹ്യ ശ്രദ്ധ നേടുകയുണ്ടായി.

- അധ്യാപക അനധ്യാപക ജീവനക്കാർക്കായി ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തിവരുന്നു.
- ഈ വകുപ്പിലെ ആശുപത്രികളിൽ NABH അക്രെഡിറ്റേഷനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.
- ഇ–ഹോസ്പിറ്റൽ സംവിധാനം രണ്ട് സർക്കാർ ആശുപത്രികളിലായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.
- നാഷണൽ ആയുഷ് മിഷന്റെ കീഴിൽ ശ്രവ്യ ഇ.എൻ.റ്റി പ്രോജക്ട്, ബ്രോങ്കിയൽ ആസ്ത്മ പ്രോജക്ട്, സോറിയാസിസ് മാനേജ് മെന്റ് പ്രോഗ്രാം എന്നിവ നടന്നു വരുന്നു.
- കോഴിക്കോട് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ ചർമ്മ സൗന്ദര്യ വിഭാഗം, വയോജന വിഭാഗം, ശിശുവിഭാഗം എന്നിവയ്ക്കുള്ള പ്രത്യേക ഒ.പി. സംവിധാനം ഏർപ്പെടുത്തി.
- രണ്ട് ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലും പ്രാക്ടീസ് ഓഫ് മെഡിസിൻ വിഭാഗത്തിൽ പി.ജി. കോഴ്സ് തുടങ്ങുന്നതിന് അനുമതി നൽകി.

സെക്ഷൻ ഓഫീസർ

**അനുബന്ധം - 2**

## സിദ്ധ വൈദ്യ സ്ഥിരം സ്ഥാപനങ്ങളുടെ വിവരങ്ങൾ

| ക്രമ നമ്പർ | ജില്ല | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | സർക്കാർ സിദ്ധ വൈദ്യ ആശുപത്രി വള്ളക്കടവ് |
| 2 | | സർക്കാർ സിദ്ധ വൈദ്യ ഡിസ്പെൻസറി അവനവഞ്ചേരി |
| 3 | | സർക്കാർ സിദ്ധ വൈദ്യ ഡിസ്പെൻസറി നെയ്യാറ്റിൻകര (അറ്റാച്ച്ഡ് റ്റു സർക്കാർ ആയുർവേദ ആശുപത്രി) |
| 4 | കൊല്ലം | സർക്കാർ സിദ്ധ വൈദ്യ ഡിസ്പെൻസറി തേവലക്കര |
| 5 | ആലപ്പുഴ | സർക്കാർ സിദ്ധ വൈദ്യ ഡിസ്പെൻസറി മണ്ണഞ്ചേരി |
| 6 | ഇടുക്കി | സർക്കാർ സിദ്ധ വൈദ്യ ഡിസ്പെൻസറി പള്ളിവാസൽ |
| 7 | | ജില്ലാ ആയുർവേദ ആശുപത്രി തൊടുപുഴ (സിദ്ധ അറ്റാച്ച്ഡ് യൂണിറ്റ്) |
| 8 | പാലക്കാട് | സർക്കാർ സിദ്ധ വൈദ്യ ഡിസ്പെൻസറി മങ്കര |
| 9 | മലപ്പുറം | സർക്കാർ സിദ്ധ വൈദ്യ ഡിസ്പെൻസറി ഏലംകുളം |

സെക്ഷൻ ഓഫീസർ